# Deepika

## 21 July 2018

## Chellanam, Sea Level Rise, Cleaning



# ചെല്ലാനം കടൽകയറ്റം: ശുചീകരണം വേണമെന്നു കെഎൽസിഎ

**കൊച്ചി:** കടൽകയറ്റമുണ്ടായ ചെല്ലാനം മേഖലയിൽ ടോയ് ലറ്റ് ക്ലീനിംഗ് ഉൾപ്പെടെ സമഗ്രമായ ശുചീകരണ പരിപാടി നടപ്പാക്കാൻ ജില്ലാ ഭരണകൂടം തയാറാകണമെന്നു കെഎൽസിഎ സംസ്ഥാന സമിതിയും കൊച്ചി രൂപതാ സമിതിയും സംയുക്തമായി ആവശ്യപ്പെട്ടു. ദുരിതം ബാധിച്ച വീടുകളിൽ പലർക്കും ടോയ് ലറ്റ് സൗകര്യങ്ങൾ നഷ്ടമായ കാര്യം കൂടി കണക്കിലെടുക്കണം.

ടെൻഡർ വിളിച്ചു കടൽതീരത്ത് അടിഞ്ഞുകൂടിയ മണൽ നീക്കം ചെയ്യുമ്പോൾ അതു ചെല്ലാനം പ്രദേശത്തുതന്നെ ഉപയോഗിക്കാവുന്ന വിധത്തിൽ ക്രമീകരണങ്ങൾ ഒരുക്കണമെന്നും സംസ്ഥാന പ്രസിഡൻറ് ആന്റണി നൊറോണ, സംസ്ഥാന ജനറൽ സെക്രട്ടറി ഷെറി ജെ. തോമസ്, കൊച്ചി രൂപത പ്രസിഡൻറ് പൈലി ആലുങ്കൽ, ജനറൽ സെക്രട്ടറി ജോർജ് കാളിപറമ്പിൽ എന്നിവർ സംയുക്ത പ്രസ്താവനയിൽ ആവശ്യപ്പെട്ടു.